പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2047 07.07.2015-ൽ മറുപടിക്ക്

ശബരി റെയിൽ പദ്ധതി

ചോദ്യം

ശ്രീ. സാജു പോൾ :
" കെ. സുരേഷ് കുറുപ്പ് :
" എസ്. രാജേന്ദ്രൻ :
" ബി. ഡി. ദേവസ്സി :

ഉത്തരം

ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരി റെയിൽ പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ; | (എ) | അങ്കമാലി - ശബരി റെയിൽപാതയുടെ അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ റെയിലിടൽ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കാലടി സ്റ്റേഷന്റെ പണിയും പെരിയാർ നദിക്കു കുറുകെയുള്ള പാലം പണിയും പുരോഗതിയിലാണ്. 24.40 ഹെക്ടർ സ്ഥലം ഈ റെയിൽപാതക്കു വേണ്ടി കൈമാറിയിട്ടുണ്ട്. |
| (ബി) | ഇന്നത്തെ സ്ഥിതിയിൽ ശബരി റെയിൽ പദ്ധതി എത്രത്തോളം പ്രാവർത്തികമാണ്; വിശദമാക്കുമോ; | (ബി) യും (സി) യും | 'RITES' നടത്തിയ വിശദമായ പഠനങ്ങൾക്കുശേഷമാണ് കേന്ദ്ര സർക്കാർ അങ്കമാലി - ശബരി റെയിൽ പ്രൊജക്ട് അംഗീകരിച്ചത്. എറണാകുളം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലൂടെ കടന്നുപോകുന്ന പ്രസ്തുത പാതയുടെ എറണാകുളം ജില്ലയിലെ നിർമ്മാണ പ്രവർത്തികളാണ് പുരോഗതിയിലുള്ളത്.<br>കോട്ടയം ജില്ലയിലെ അലൈൻമെന്റ് സംബന്ധിച്ചാണ് തർക്കം ഉണ്ടായിരുന്നത്. ആയത് കോട്ടയം ജില്ലാ കളക്ടർ ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്തു സമർപ്പിക്കപ്പെട്ട പുതുക്കിയ അലൈൻമെന്റ് 11.02.2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതല യോഗത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികൾ അംഗീകരിക്കുകയുണ്ടായി. ആയത് റെയിൽവേയുടെ പരിഗണനയിലാണ്. |
| (സി) | ശബരി റെയിൽ പദ്ധതി നടപ്പിലാക്കാത്തതിന് കാരണം വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ പ്രവർത്തിയുടെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്ന് റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഈ പദ്ധതി തുടർന്നു വരുന്ന ഒന്നായതിനാലും പദ്ധതി പ്രഖ്യാപിച്ച സമയത്ത് ഇല്ലാതിരുന്ന ആവശ്യമാണ് ഇതെന്ന വസ്തുത കണക്കിലെടുത്തും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും റെയിൽവേ ഉന്നയിച്ച ആവശ്യം പരിഗണിക്കാൻ കഴിയുകയില്ലായെന്ന് റെയിൽവേ ബോർഡിനേയും കേന്ദ്ര സർക്കാരിനേയും അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ സംസ്ഥാനത്തിന് അനുകൂലമായി റെയിൽവേ ബോർഡോ കേന്ദ്ര സർക്കാരോ പ്രതികരിച്ചിട്ടില്ല.<br><br>അങ്കമാലി - ശബരി റെയിൽവേ ലൈൻ പ്രാവർത്തികമാക്കുകയെന്ന സംസ്ഥാനത്തിന്റെ ആവശ്യം പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തെ എം.പി.മാർ മുഖേനെയും കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തി വരികയാണ്.<br><br>2015-16 റെയിൽവേ ബഡ്ജറ്റിൽ 5 കോടി രൂപ മാത്രമാണ് അങ്കമാലി - ശബരി റെയിൽവേ ലൈനിനായി മാറ്റി വെച്ചിട്ടുള്ളത്. |

[signature]

സെക്ഷൻ ഓഫീസർ